# ചണ്ഡാലയായി പൂജയെത്തുന്നു

ബോധിയിൽ മാതംഗിയായി വേഷമിടുന്നത് തൃശ്ശൂരിൻെറ പൂജാ വിജയൻ. കർണാടകയിലെ ഹംപിയിലും പീരുമേട്, അട്ടപ്പാടി എന്നിവിടങ്ങളിലുമായി ചിത്രീകരണം പൂർത്തിയായി. ഒക്ടോബർ അവസാനത്തിൽ തിയ്യറ്ററുകളിലെത്തും.



'ബോധി' എന്ന ചിത്രത്തിലെ ഒരു രംഗം

സിനിമ

■ വി.ജെ. റാഫി

മഹാകവി കുമാരനാശാൻെറ പ്രസിദ്ധകാവ്യം ചണ്ഡാലഭിക്ഷുകി 'ബോധി'യായി അഭ്രപാളിയിലെത്തുന്നു.

2500 വർഷങ്ങൾക്കു മുമ്പുള്ള ശ്രാവസ്തി ഗ്രാമത്തിലെ ചണ്ഡാലകുടുംബത്തിൽപ്പെട്ട മാതംഗിയുടെ കഥ പറഞ്ഞുകൊണ്ടാണ് 'ബോധി' വെള്ളിത്തിരയിലെത്തുന്നത്. ശ്മശാനത്തിലെ തൊഴിലുമായി ജീവിക്കുന്ന ചണ്ഡാലപ്പെൺകുട്ടിയായ മാതംഗി ബുദ്ധൻെറ പ്രധാന അനുയായിയായ ആനന്ദനെ കണ്ടുമുട്ടുന്നു. ആനന്ദൻെറ ഉപദേശത്തിൽ ആകൃഷ്ടയായി ബുദ്ധമതം സ്വീകരിക്കാനൊരുങ്ങി ആശ്രമത്തിലെത്തുന്നതോടെ സ്വന്തം സമുദായവും നാട്ടുരാജാവും പ്രജകളും മാതംഗിക്കെതിരാകുന്നു.

രാജാവായ പ്രസേനജിത്ത് ആശ്രമത്തിലെത്തി ആനന്ദനുമായി യുദ്ധത്തിന് ഒരുമ്പെട്ടെങ്കിലും ബുദ്ധൻെറ അനുയായിയായ ആനന്ദൻെറ ഉപദേശങ്ങൾക്കു മുമ്പിൽ രാജാവിൻെറ ശൗര്യവും കെട്ടടങ്ങി. ഒടുവിൽ ബുദ്ധമതം സ്വീകരിക്കാൻ അദ്ദേഹം തയ്യാറാകുന്നു. ഇതാണ് കഥയുടെ സാരാംശം.

മാതംഗിയായി വേഷമിടുന്നത് തൃശ്ശൂർ സ്വദേശിയായ പൂജാ വിജയനാണ്. റോമിയോ, ത്രിൽ, കാശിനാഥൻ തുടങ്ങി ഒട്ടേറെ ചിത്രങ്ങളിലഭിനയിച്ച പൂജ എം.എ. മോഹിനിയാട്ടം അവസാനവർഷ വിദ്യാർഥിയാണ്. മോഡൽ രംഗത്തും ഏറെ പ്രശസ്തയായ പൂജ ഡാൻസ് ആൻറ് തിയ്യറ്റർ ബിരുദം കഴിഞ്ഞാണ് സിനിമയിലെത്തുന്നത്. കർണാടകയിലെ ഹംപിയിലും പീരുമേട്, അട്ടപ്പാടി എന്നിവിടങ്ങളിലുമാണ് ചിത്രീകരിച്ചത്.

സിദ്ധാർഥ സിനിമയുടെ ബാനറിൽ ഭാസി ഇരുമ്പനം നിർമിക്കുന്ന ബോധിയുടെ രചനയും സംവിധാനവും ജി. അജയനാണ്. പൂജയെ കൂടാതെ ഗോപകുമാർ, രമേശ്വർമ, ബാബു അഞ്ഞൂർ എന്നിവരാണ് മറ്റു പ്രധാന വേഷങ്ങളിൽ.

ഒക്ടോബർ അവസാനത്തിൽ ബോധി തിയ്യറ്ററുകളിലെത്തും.